

# നമ്മെ നാമാക്കിയ ഒരു സംസ്കാരം പുനർജനിക്കുന്നു

**കൊടുങ്ങല്ലൂരും പരിസര പ്രദേശങ്ങളിലുമായുള്ള ചരിത്രസ്മരണകളെ കൂട്ടിയിണക്കുന്ന പൈതൃക പദ്ധതി ചരിത്രത്തിലൂടെയുള്ള ഒരു നടത്തമാണ്**

അതിഥി



ഡോക്ടർ ടി എം തോമസ് ഐസക്

കൊടുങ്ങല്ലൂർ കോട്ടപ്പുറത്ത് അമ്മയുടെ വീട്ടിലായിരുന്നു എൻെറ കുട്ടിക്കാലം. ഇടിഞ്ഞു പൊളിഞ്ഞ പോർച്ചുഗീസ് കോട്ടയുടെ ഓരത്തായിരുന്നു ആ മൂന്നു നില വീട്. "കോട്ടേക്കാർ" എന്നാണ് ഞങ്ങളെ വിളിച്ചിരുന്നത്. വീടിനടിയിൽ നിധി കുഴിച്ചിട്ടിരുന്നുവത്രെ. ആ നിധിക്ക് കാവലായി ചങ്ങലയ്ക്കിട്ടിരുന്ന കാപ്പിരികൾ ഉണ്ടത്രെ. മഴക്കാലത്തെ ഇടിവെട്ട് കുട്ടികൾക്ക് 'കാപ്പിരി'കളുടെ ചങ്ങല കിലുങ്ങുന്നതിൻെറ സ്വരമായിരുന്നു. കോട്ട കാണാൻ വരുന്ന സായിപ്പന്മാർ വീട്ടിലെ പോർട്ടിക്കോയിലിരുന്ന് കാപ്പികുടിക്കുന്നത് ഫാൻറസികൾക്കിടയിലെ ഒരു യാഥാർത്ഥ്യമായിരുന്നു.

കായലിനപ്പുറം ചേന്നമംഗലത്തായിരുന്നു അമ്മായിയുടെ വീട്. അവിടെ ചെന്നാൽ ജൂതപ്പള്ളിയും അമ്പലവുമൊക്കെ കാണാതെ മടങ്ങാറില്ല. ഗോതുരുത്ത് അന്നും ചവിട്ടുനാടക കേന്ദ്രമായിരുന്നു. ചവിട്ടുനാടകത്തിലും കഥാപ്രസംഗത്തിലും കുട്ടിക്കാലത്തേ തിളങ്ങിയിരുന്ന ജോസഫേട്ടനായിരുന്നു ഞങ്ങളുടെ ഹീറോ. ഞങ്ങളുടെ കടയുടെ തൊട്ടടുത്ത് പറവൂർ സ്വദേശിയായ ഒരു ജൂതൻെറ ശർക്കരക്കടയുണ്ടായിരുന്നു. യവനന്മാരും ജൂതന്മാരും തോമസ് സ്ലീഹയുമെല്ലാം കപ്പലിറങ്ങിയതിൻേറയും ചേരമാൻ പെരുമാൾ മക്കയിലേക്ക് കപ്പൽ കയറിയതിൻേറയും കഥകൾ കേട്ടുകേട്ടാണ് ഞങ്ങൾ വളർന്നത്. ചേരരാജസ്മരണകൾ ഉറങ്ങുന്ന ചേരമാൻ പറമ്പ് കടന്നാണ് പള്ളിയിൽ പോയിരുന്നത്. സ്കൂളിൽ ചെന്നാൽ കൊടുങ്ങല്ലൂർ കോവിലകം പറമ്പുകളിൽ ചുറ്റിക്കറങ്ങുക പതിവായിരുന്നു. ഇവിടെയാണ് കുഞ്ഞിക്കുട്ടൻ തമ്പുരാൻ ഉണ്ടായിരുന്നത്. ടിപ്പു കുത്തിയ "പടാകുളം" വഴിയാണ് തിരിച്ചു പോക്ക്. ചേരമാൻ മസ്ജിദ് കഴിഞ്ഞാൽ പിന്നെ ഉൾവഴിയിലൂടെയാണ് യാത്ര. കീതോളി അമ്പലത്തിനു സമീപമെത്തുമ്പോൾ ചെറിയൊരു ഭയം നടത്തത്തിൻെറ വേഗത കൂട്ടുമായിരുന്നു. കോട്ടപ്പുറത്ത് വൈകുന്നേരം മടങ്ങിയെത്തുമ്പോഴും ആഴ്ചച്ചന്തയുടെ തിരക്ക് കമ്പോളത്തിലുണ്ടാകും.

ചിരപുരാതനമായ മുസിരിസ് പട്ടണം പെരിയാറിൻെറ അഴിമുഖത്ത് കൊടുങ്ങല്ലൂർ പ്രദേശത്തെവിടെയോ ആയിരുന്നു. അതുകൊണ്ടാണ് 2006-ൽ ധനമന്ത്രിയായപ്പോൾ അവതരിപ്പിച്ച ഇടക്കാല ബജറ്റിൽ മുസിരിസ് പൈതൃക പദ്ധതി സ്ഥാനം പിടിച്ചത്. ജൂതസങ്കേതങ്ങൾ, സെൻറ് തോമസ് തീർത്ഥാടന കേന്ദ്രം, ചേരമാൻ പറമ്പ്, ആദ്യത്തെ മുസ്ലിം പള്ളി, പോർച്ചുഗീസ്, ഡച്ച്, ഇംഗ്ലീഷ് കോട്ടകൾ, മധ്യകാല കോവിലകങ്ങൾ, സ്വാതന്ത്ര്യ സമരസേനാനി അബ്ദുറഹ്മാൻ സാഹിബ്, നവോത്ഥാന നായകൻ കേശവദേവ് തുടങ്ങിയവരുടെ വീടുകൾ എന്നിങ്ങനെ കൊടുങ്ങല്ലൂരും പരിസര പ്രദേശങ്ങളിലുമായി 2500 വർഷത്തെ ചരിത്രസ്മരണകളാണ് ഇരമ്പിപ്പടരുന്നത്. ഇവയെ കൂട്ടിയിണക്കുന്ന പൈതൃക പദ്ധതിയെ ചരിത്രത്തിലൂടെയുള്ള ഒരു നടത്തം എന്നാണ് ഞാൻ വിശേഷിപ്പിച്ചത്.

2006-07-ൽ ഒന്നും നടന്നില്ല. 2007-08-ലെ ബജറ്റിലും പദ്ധതിക്ക് കൂടുതൽ തുക വകയിരുത്തി. പക്ഷേ, ഭരണാനുമതിക്കു വന്ന നിർദ്ദേശം ചില കെട്ടിടങ്ങൾ പണിയാനുള്ളതായിരുന്നു. ആ നിർദ്ദേശങ്ങളെ എനിക്കുതന്നെ ടോർപിഡോ ചെയ്യേണ്ടിവന്നു. അപ്പോഴേയ്ക്കും ഒരു നിർണായക വഴിത്തിരിവുണ്ടായി; കൺസർവേഷൻ സമ്പ്രദായങ്ങളിൽ അവഗാഹമുള്ള പഴയൊരു പരിഷത് സുഹൃത്തും വാസ്തുശിൽപിയുമായ ബെന്നി കുര്യാക്കോസ് രംഗത്തു വന്നു. ഒരു ഭൂതാവേശത്താലെന്നപോലെ ബെന്നിയും കൂട്ടരും മുസിരിസ് പൈതൃകത്തിലേക്ക് ആണ്ടുമുങ്ങി. ആലുവ ഗസ്റ്റ് ഹൗസിലെ രണ്ടു മുറിയിലായി ബെന്നിയും ആറേഴ് വാസ്തുശിൽപ വിദ്യാർത്ഥികളും രണ്ടു വർഷത്തോളം പണിയെടുത്തു. ഓരോ സ്മാരകവും വഴികളും പ്രകൃതിയും പഠിച്ചു. നൂതനമായൊരു പൈതൃക ടൂറിസം പദ്ധതി രൂപം കൊണ്ടു.

അതിനിടെ മറ്റൊന്നുകൂടി സംഭവിച്ചു. പറവൂരിനടുത്തുള്ള പട്ടണം എന്ന പ്രദേശമാകാം മുസിരിസ് എന്ന വാദം സെൽവകുമാർ, ഷാജൻ തുടങ്ങിയ യുവ ആർക്കിയോളജിസ്റ്റുകൾ മുന്നോട്ടുവച്ചിരുന്നു. കേരള ചരിത്ര ഗവേഷണ കൗൺസിൽ ഡയറക്ടർ പി ജെ ചെറിയാൻെറ നേതൃത്വത്തിൽ അവിടെ ഖനനം നടന്നു. റോമൻ, അറബിക്, ചൈനീസ് മൺപാത്ര കഷണങ്ങളുടേയും മറ്റ് അവശിഷ്ടങ്ങളുടേയും വിസ്മയകരമായ ഒരു ശേഖരം ആദ്യഘട്ടത്തിൽത്തന്നെ കണ്ടെത്തി. ഈ ഉത്ഖനനം ഇപ്പോഴും തുടരുന്നു. മുസിരിസ് അവിടെയാണെന്ന് തറപ്പിച്ചു പറയാനാവില്ലെങ്കിലും ക്രിസ്തുവിന് 1000 വർഷം മുമ്പു മുതൽ നാഗരികത

യുടെ തുടർച്ചയുള്ള പ്രദേശമാണിതെന്ന് വ്യക്തമായി. ഖനനം മാത്രമല്ല, മുസിരിസ് പൈതൃക പദ്ധതിയും ദേശീയ, അന്തർദ്ദേശീയ ശ്രദ്ധ പിടിച്ചുപറ്റി.

പല തലങ്ങളിലെ ചർച്ചകൾക്ക് നേതൃത്വം നൽകിയവരുടേയും പങ്കാളികളായവരുടേയും പട്ടിക നീണ്ടതാണ്. വിസ്താരഭയത്താൽ എല്ലാ പേരുകളും എഴുതുന്നില്ല. എം ആർ രാഘവ വാര്യരും, ഡോക്ടർ സ്കറിയ സക്കറിയയുമായിരുന്നു പൂർണസമയ കൺസൾട്ടൻറുമാർ. മാധ്യമപ്രവർത്തകനായിരുന്ന കെ ഗോവിന്ദൻ കുട്ടിയും പദ്ധതിക്കു വേണ്ടി പ്രവർത്തിച്ചു. നോവലിസ്റ്റ് സേതുവിൻെറ മുസിരിസ് ബന്ധം *മറുപിറവി* എന്ന നോവലിനു വഴിതെളിച്ചു. തൃപ്പൂണിത്തുറയിലെ ഹെറിറ്റേജ് സ്റ്റഡീസ്, തിരുവനന്തപുരത്തെ സീ-ഡിറ്റ്, ദൽഹിയിലെ ദേശീയ മ്യൂസിയം, ലക്നൗവിലെ ദേശീയ കൺസർവേഷൻ ലബോറട്ടറി തുടങ്ങി ഒട്ടേറെ സ്ഥാപനങ്ങളിലെ വിദഗ്ധരുടെ സേവനം ലഭിച്ചു. പ്രൊഫസർ എം കെ പ്രസാദിൻെറ നേതൃത്വത്തിൽ ഐ കെ എമ്മാണ് വിഭവഭൂപടം തയാറാക്കാൻ പ്രവർത്തിച്ചിരുന്നത്. സി-ഡിറ്റിലെ കെ മോഹൻ കുമാർ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിലെ റൂബിൻ ഡിക്രൂസ്, ദൂരദർശനിലെ ജി സാജൻ, ഐ കെ എമ്മിലെ ഹിരോഷ് എന്നിവരുടെ പങ്കാളിത്തം ഔദ്യോഗിക കൃത്യനിർവഹണത്തിലൊതുങ്ങിയില്ല. വിവിധ ശിൽപശാലകളിൽ ഇരുനൂറോളം പേർ പങ്കെടുത്തു. സ്വകാര്യ സംരംഭകനായ ജോസ് ഡൊമിനിക്കിൻെറ പേരുകൂടെ ഇവിടെ ചേർക്കേണ്ടതുണ്ട്.

മറ്റ് ടൂറിസം പദ്ധതികളിൽ നിന്നും മുസിരിസ് പദ്ധതിക്കുള്ള വ്യത്യാസമെന്താണ്?


ഒന്ന്, ഇത് ഒരു ടൂറിസം പദ്ധതിയല്ല. പൈതൃക സംരക്ഷണ പദ്ധതിയാണ്. ടൂറിസം, പൈതൃക സംരക്ഷണത്തിൻെറ അനുബന്ധമാണ്. ഭൂതകാലത്തെ വിസ്മരിച്ച് വർത്തമാനകാലത്തിൽ അഭിരമിക്കുന്നവരായി നാം മാറുന്നു. പത്തോ പതിനഞ്ചോ വർഷം മുമ്പ് ഒരു സുഹൃത്തിനെ ആദ്യത്തെ മുസ്ലിം പള്ളി കാണിക്കാൻ വേണ്ടി ചേരമാൻ മസ്ജിദിൽ പോയ ഞാൻ ഞെട്ടിപ്പോയി. കേരളീയ വാസ്തുശിൽപശൈലിയുടെ കെട്ടിടത്തിൻെറ മുഖപ്പുകൾ മാറ്റി മിനാരറ്റുകൾ സ്ഥാപിച്ചിരിക്കുന്നു. പഴയ കെട്ടിടത്തിൻെറ ഒരു ഫോട്ടോയാണ് സന്ദർശകർക്കു കാണാൻ കഴിഞ്ഞത്. മന്ത്രിയായ ശേഷം ഞാൻ ചേരമാൻ മസ്ജിദ് സന്ദർശിച്ചപ്പോൾ നടത്തിപ്പുകാരോടു പറഞ്ഞു, സർക്കാർ ചെലവിൽ പഴയ പള്ളി പുനരുദ്ധരിക്കാം. അതിന് സ്ഥലസൗകര്യം പോരെങ്കിൽ പുതിയതൊന്നു പണിയാം. അനുകൂല പ്രതികരണം ഉണ്ടായില്ല. എന്നാൽ പൈതൃക പദ്ധതി ആരംഭിച്ച് മൂന്നു വർഷം കഴിഞ്ഞപ്പോൾ *ഹിന്ദു* പത്രത്തിൽ വായിച്ച റിപ്പോർട്ട് ചെറിയ സന്തോഷമല്ല എനിക്കു നൽകിയത്. ചേരമാൻ മസ്ജിദ് സ്വന്തം ചെലവിൽ പൂർവസ്ഥിതിയിലാക്കുന്നതിന് പള്ളി സമിതി തീരുമാനിച്ചു.

പാലിയം കോവിലകത്തുകാർ ഉടസ്ഥാവകാശം പൂർണമായും നിലനിർത്തി പഴയ കൊട്ടാരവും നാലുകെട്ടുമെല്ലാം സർക്കാർ ചെലവിൽ സംരക്ഷിക്കുന്നതിന് അനുവാദം നൽകി. എന്നാൽ കൊടുങ്ങല്ലൂർ കോവിലകത്തുകാർ അതിനു തയാറായില്ല. ഒരു പഴയ കൊട്ടാരം ഇപ്പോൾ ബാർ ഹോട്ടലാണ്. കോവിലകത്തെ മധ്യകാല അക്കാദമി നിലനിന്ന സ്ഥാനത്ത് ഒരു കോൺവെൻറാണ്. ബാക്കിയുള്ളവയെങ്കിലും സർക്കാർ ചെലവിൽ സംരക്ഷിക്കാൻ തയാറല്ല എന്നത് ദൗർഭാഗ്യകരമെന്നേ പറയാനാവൂ.

മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഒരു തനിമ കോട്ടകളും കെട്ടിടങ്ങളും മാത്രമല്ല, പ്രകൃതിഭംഗിയും ജീവിതശൈലിയും സംസ്കാരവുമെല്ലാം പൈതൃകത്തിൽ ഉൾപ്പെടുത്തി എന്നുള്ളതാണ്.

രണ്ട്, ഉൽഖനനമാണ് പദ്ധതിയുടെ സുപ്രധാന ഘടകം. കുട്ടിയായിരുന്നപ്പോൾ ചേരമാൻ പറമ്പിൽ ഗവേഷണക്കുഴികളെടുക്കുന്നവരുടെ ചുറ്റും കൂട്ടംകൂടി നിൽക്കാറുള്ളത് ഇന്നും ഓർക്കുന്നു. പതിറ്റാണ്ടുകൾക്കു മുമ്പ് നടത്തിയ ഉൽഖനനമല്ലാതെ ഒരന്വേഷണവും പിന്നീട് നടന്നിട്ടില്ല. പട്ടണത്തെ കണ്ടെത്തലുകൾ ആർക്കിയോളജി ഗവേഷണത്തിന് ഉത്തേജനമായി. കെ സി എച്ച് ആറാണ് പട്ടണത്തിലെ ഉൽഖനനം നടത്തുന്നത്. ഈ ഖനനവും വിവാദമാക്കാൻ തുടക്കം മുതലേ ഉത്സാഹിച്ചവരുടെ ശക്തി ഇപ്പോൾ കൂടിയിട്ടുണ്ട്. ചരിത്ര കൗൺസിലിനെ അവരുടെ പണി ചെയ്യാൻ വിടുക. തങ്ങൾക്കും ഗവേഷണം നടത്തണമെന്നു താൽപര്യമുള്ളവർ എ എസ് ഐയുടെ അനുവാദം വാങ്ങി സമീപപ്രദേശങ്ങളിൽ ഉൽഖനനം നടത്തട്ടെ. കോട്ടപ്പുറം കോട്ട, ചേരമാൻ പറമ്പ് തുടങ്ങി മറ്റ് ചരിത്രസ്മാരകങ്ങളുമായി ബന്ധപ്പെട്ടുള്ള ഉൽഖനനത്തിൻെറ ചുമതല ആർക്കിയോളജി വകുപ്പിനാണ്. ചേരമാൻ പറമ്പിൽ പണ്ട് എ എസ് ഐ കുഴിച്ചപ്പോൾ ഒന്നും കണ്ടെത്തിയില്ലെങ്കിലും ഇപ്പോൾ കുഴിച്ചപ്പോൾ പുരാതനമായ ഒരു കെട്ടിടത്തിൻെറ അസ്ഥിവാരം കണ്ടു. ഇവിടെയാണ് സ്മാരക ഹാൾ പണിയുന്നതിന് സ്ഥലം കണ്ടെത്തിയത് എന്നോർക്കുക.

മൂന്ന്, ഇതൊരു അനൗപചാരിക വിദ്യാഭ്യാസ പദ്ധതി കൂടിയാണ്. ചരിത്രസ്മാരകങ്ങളോട് ബന്ധപ്പെട്ട് ചെറുതും വലുതുമായ മ്യൂസിയങ്ങൾ വിഭാവനം ചെയ്തു. അവ കാഴ്ചവസ്തുക്കളുടെ ജഡശേഖരമായിരിക്കുകയില്ല. സംവാദാത്മകവും വിശകലനാത്മകവുമായ ചോദ്യങ്ങളുയർത്തുന്നതും പുതുക്കലുകളും കൂട്ടിച്ചേർക്കലും നടന്നുകൊണ്ടിരിക്കുന്നതുമായ പഠന കേന്ദ്രങ്ങളായിരിക്കും അവ. അനുബന്ധമായി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ കോളെജ് കാമ്പസിൽ ഒരു ഉന്നത വിദ്യാപീഠം ആരംഭിക്കാനും തീരുമാനിച്ചു. സ്കൂൾ കുട്ടികൾക്ക് മുസിരിസ് പൈതൃക ഗ്രാമങ്ങളി



പട്ടണത്ത് നടക്കുന്ന ഉൽഖനനം

**മുസിരിസ് പൈതൃക സംരക്ഷണ പദ്ധതിയുടെ ഒരു തനിമ കോട്ടകളും കെട്ടിടങ്ങളും മാത്രമല്ല, പ്രകൃതിഭംഗിയും ജീവിതശൈലിയും സംസ്കാരവുമെല്ലാം പൈതൃകത്തിൽ ഉൾപ്പെടുത്തി എന്നുള്ളതാണ്.**

ലൂടെ നടത്തുന്ന യാത്രയിൽ കേരള ചരിത്രത്തെക്കുറിച്ച് ഒരു പൊതുധാരണ ലഭിക്കും. ഈ പശ്ചാത്തലത്തിൽ പുസ്തകങ്ങളുടേയും മറ്റും പ്രസിദ്ധീകരണം പ്രസക്തമാണ്. കുട്ടികൾക്കായി അമ്പത് ലഘുഗ്രന്ഥങ്ങൾ തയാറാക്കാമെന്ന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിനു വേണ്ടി റൂബിൻ ഡിക്രൂസ് ഏറ്റു.

നാല്, കൺസർവേഷൻ മാനദണ്ഡങ്ങൾ കർശനമായി പാലിക്കുമെന്ന് നിശ്ചയിച്ചിരുന്നു. പാലിയം കൊട്ടാരത്തിലേയും പറവൂർ ജൂതപ്പള്ളിയിലേയും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്. സംരക്ഷിക്കേണ്ട ഓരോ കെട്ടിടവും അതിസൂക്ഷ്മമായി ഡോക്യുമെൻറ് ചെയ്ത് തനിമ നഷ്ടപ്പെടാതെയാണ് അറ്റകുറ്റപ്പണികൾ നടത്തുന്നത്. കോട്ടപ്പുറത്തെയും പറവൂരെയും ഓരോ കടയുടമയുമായി ആശയവിനിമയം നടത്തി പാരമ്പര്യം വീണ്ടെടുക്കാൻ നടത്തിയ പഠനം എന്നെ ചെറുതൊന്നുമല്ല അത്ഭുതപ്പെടുത്തിയത്. കൺസർവേഷൻ മാനദണ്ഡങ്ങളിൽ ഒരു വിട്ടുവീഴ്ചയ്ക്കും ബെന്നി തയാറാകാത്തത് നടത്തിപ്പുകാരും കോൺട്രാക്ടർമാരുമായി ഒട്ടേറെ അലോസരങ്ങൾക്കു വഴിതെളിച്ചു.

അഞ്ച്, സ്വാഭാവികമായി ഈ പദ്ധതി ആഭ്യന്തര വിദേശ ടൂറിസ്റ്റുകളെ

ആകർഷിക്കും. ടൂറിസത്തിന്റെ വളർച്ച ശാസ്ത്രീയവും, ആസൂത്രിതവുമായിരിക്കണം. വൻകിട റിസോർട്ടുകളോ, ഹോട്ടലുകളോ ഒന്നും പദ്ധതിയിലില്ല. പദ്ധതി പ്രദേശത്ത് എന്ത് ചെയ്യാം, ചെയ്യാൻ പാടില്ല എന്ന് മാസ്റ്റർ പ്ലാനിൽ വ്യക്തമാക്കിയിരുന്നു. ഹോംസ്റ്റേ പ്രോത്സാഹിപ്പിച്ചു. ടൂറിസ്റ്റ് വാഹനങ്ങളേയും മറ്റും പദ്ധതി പ്രദേശത്ത് യഥേഷ്ടം വിഹരിക്കാൻ അനുവദിച്ചില്ല. സ്മാരകങ്ങളിലേക്കുള്ള റൂട്ടുകളിൽ ഇലക്ട്രിക്കൽ വാഹനങ്ങൾ ഓടും. ജട്ടികൾ പണിയുകയും ചില കനാലുകൾ ഉദ്ധരിക്കുകയും ചെയ്താൽ ഏതാണ്ട് എല്ലാ സ്മാരകങ്ങളിലും ജലമാർഗം എത്തിച്ചേരാം.

ആറ്, ടൂറിസം വകുപ്പാണ് മുസിരിസ് പദ്ധതിയുടെ നോഡൽ ഏജൻസി. എന്നാൽ കേവലം ടൂറിസം പദ്ധതിയല്ല ഇത്. പലർക്കും അത് ഉൾക്കൊള്ളാൻ ആദ്യം പ്രയാസമായിരുന്നു. ഓരോ ഡിപ്പാർട്ട്മെന്റും ഇവിടെ വെള്ളം കേറാത്ത അറകളാണ്. എന്നാൽ മുസിരിസ് പദ്ധതി നടപ്പാക്കണമെങ്കിൽ ഒട്ടേറെ വകുപ്പുകളും ഏജൻസികളും ഒരുമിച്ച് പ്രവർത്തിക്കണം. ഉന്നത



ചേരമാൻ ജുമാ മസ്ജിദ്

വിദ്യാപീഠത്തിന്റെ ചുമതല വിദ്യാഭ്യാസ വകുപ്പിനാണ്. സ്മാരകങ്ങളിൽ പലതും ആർക്കിയോളജി വകുപ്പിന്റേതാണ്. മറ്റ് ചിലത് സാംസ്കാരിക വകുപ്പിന്റേതായിരിക്കും. മറ്റു ചിലത് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലും. എല്ലാം കൂട്ടിയിണക്കാൻ നല്ല അധ്വാനം വേണ്ടിവന്നു.

ഏഴ്, തദ്ദേശവാസികൾക്ക് സാമ്പത്തിക നേട്ടം ലഭിക്കും വിധമാണ് പദ്ധതി ആസൂത്രണം. സാധാരണ ടൂറിസം വികസനത്തിന് കടകവിരുദ്ധമാണ് ഈ സമീപനം. കയർ, മത്സ്യ, നെയ്ത്ത് ഗ്രാമങ്ങൾ, തഴപ്പായ കേന്ദ്രം തുടങ്ങിയവ ഉൽപാദന കേന്ദ്രങ്ങൾ മാത്രമല്ല പ്രദർശന കേന്ദ്രങ്ങൾ കൂടിയാണ്. സന്ദർശകർക്ക് അവിടെ ഉൽപാദകരെ നേരിട്ട് കാണാം; തൊഴിൽ മനസ്സിലാക്കാം; ഓർഡർ നൽകി ഉൽപന്നങ്ങൾ വാങ്ങുകയും ചെയ്യാം. കൂടാതെ പുതിയ സുവനീർ തൊഴിലുകളും പരിശീലിപ്പിക്കുന്നു. മാതൃകാ പുരയിട കൃഷിയിടങ്ങളും, പൊക്കാളി പാടങ്ങളും ടൂറിസവുമായി ബന്ധിപ്പിക്കും. ഏറ്റവും പ്രധാനപ്പെട്ടത് പറവൂർ കോട്ടപ്പുറം ചന്തകളുടെ പുനർജനിയാണ്. പഴയ വാസ്തുശൈലി നിലനിർത്തി ഈ ചന്തകളിലെ കെട്ടിടങ്ങളെല്ലാം പുനരുദ്ധരിക്കും. പദ്ധതിയിൽ നിന്നും സാമ്പത്തിക പ്രോത്സാഹനം നൽകി ആഴ്ച ചന്തകളെ ശക്തമാക്കും.

എട്ട്, ജനപങ്കാളിത്തമാണ് മുസിരിസ് പൈതൃക പദ്ധതിയുടെ മറ്റൊരു സവിശേഷത. ഗ്രാമസഭകൾ പദ്ധതി ചർച്ച ചെയ്തു. ബോധവൽക്കരണത്തിനും മറ്റുമായി മുന്നൂറോളം സന്നദ്ധ പ്രവർത്തകരുടെ ശൃംഖല രൂപീകരിച്ചു. നിരന്തര പരിശീലനത്തിലൂടെ അവരെ അർധ- വിദഗ്ധരാക്കി മാറ്റുകയായിരുന്നു ലക്ഷ്യം. ഇവരിൽ നിന്നായിരുന്നു ഔദ്യോഗിക ടൂറിസ്റ്റ് ഗൈഡുകളെ തെരഞ്ഞെടുക്കേണ്ടിയിരുന്നത്. ഒരു ബഹുജന കാമ്പയിനിലൂടെ എല്ലാ വീടുകളും സന്ദർശിച്ച് ചരിത്ര രേഖകൾ, പുരാതന ഉപകരണങ്ങൾ, ഫോട്ടോകൾ എന്നിങ്ങനെ സംരക്ഷണം അർഹിക്കുന്നതെന്തും ശേഖരിച്ചു. അങ്ങനെ പൈതൃക പദ്ധതി ജനങ്ങളുടേതായി.

ഒമ്പത്, ടൂറിസം മേഖലയാക്കുന്ന പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇടപെടലുകൾ ഒഴിവാക്കലാണ്, ഇന്ത്യയിലെ പൊതു പ്രവണത. ഇതിന് വിപരീതമാണ് മുസിരിസ് പദ്ധതി. മേൽനോട്ടത്തിനുള്ള ജനകീയ കമ്മിറ്റികളിൽ തദ്ദേശ സ്ഥാപന പ്രതിനിധികളെയും ഉൾപ്പെടുത്തി. പൈതൃക പദ്ധതിയും പ്രാദേശിക വാർഷിക പദ്ധതികളുടെ ഭാഗമായി. തദ്ദേശ സ്ഥാപനങ്ങളെ അറിയിക്കാതെയും ബോധ്യപ്പെടുത്താതെയും പദ്ധതിയുടെ ഒരു ഭാഗവും നടപ്പാക്കാൻ പാടില്ല എന്നതായിരുന്നു സമീപനം.

പത്ത്, ഇത്ര വിപുലമായ മ്യൂസിയങ്ങളുടേയും സ്മാരകങ്ങളുടേയും ഗതാഗത മാർഗങ്ങളുടേയും സാംസ്കാരിക സ്ഥാപനങ്ങളുടേയും ശൃംഖലയുടെ ഏകോപനം സ്ഥായിയായി നിലനിർത്തുന്നതെങ്ങനെ? ഇതിനു വേണ്ട ആവർത്തനച്ചെലവ് എങ്ങനെ കണ്ടെത്തും? ഇതിനായി സർക്കാരിന്റേയും പദ്ധതിപ്രദേശത്തെ പഞ്ചായത്ത് മുനിസിപ്പാലിറ്റികളുടേയും ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളുടേയും ഉടമസ്ഥതയിൽ ഒരു പൊതു മേഖലാ കമ്പനി ആരംഭിക്കാനായിരുന്നു തീരുമാനം. ലാഭം ലക്ഷ്യമല്ലെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ കാര്യങ്ങൾ തീരുമാനിച്ചു മുന്നോട്ടു പോകണം. ഈ കമ്പനിയോട് സർക്കാർ വകുപ്പുകൾക്ക് എതിർപ്പായിരുന്നു. എങ്കിലും ക്യാബിനറ്റ് ഇതിനു തീരുമാനമെടുത്തു.

കേന്ദ്ര ടൂറിസം വകുപ്പിനു മുന്നിൽ മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി ബെന്നി അവതരിപ്പിച്ചു. വിസ്മയകരമായിരുന്നു സ്വീകരണം. ഇന്ത്യയിലെ ടൂറിസം പ്രോജക്ടുകളിൽ ഏറ്റവും നൂതനവും ആകർഷകവുമായ പദ്ധതിയായി മുസിരിസ് പദ്ധതി അംഗീകരിക്കപ്പെട്ടു. പദ്ധതി പ്രദേശം സന്ദർശിക്കാൻ ഡച്ച്, പോർച്ചുഗീസ് അമ്പാസഡർമാരെത്തി. സഹകരണം ചർച്ച ചെയ്യാൻ ഡെൻമാർക്കിൽ നിന്ന് ഒരു ടീം വന്നു. പദ്ധതി ചർച്ച ചെയ്യാൻ യുനസ്കോയുടെ മുൻകൈയിൽ വിദേശ എംബസികളുടെ യോഗം ദൽഹിയിൽ നടന്നു. 15 രാജ്യങ്ങളുടെ പ്രതിനിധികൾ പങ്കെടുത്തു. ഓക്സ്ഫോർഡ് സർവകലാശാലയും ബ്രിട്ടീഷ് മ്യൂസിയവും പട്ടണം ഗവേഷണത്തിൽ കേരളാ ചരിത്ര ഗവേഷണ കൗൺസിലിനോട് സഹകരിക്കുന്നുണ്ട്. ഇറ്റാലിയൻ സർക്കാരും ഖനനത്തിൽ വലിയ താൽപര്യം പ്രകടിപ്പിച്ചുകഴിഞ്ഞു. മുസിരിസ് കേന്ദ്രമാക്കി മുപ്പതോളം രാജ്യങ്ങളെ ബന്ധപ്പെടുത്തി പ്രസിദ്ധമായ സിൽക്ക് റൂട്ടിന്റെ മാതൃകയിൽ ഒരു സ്പൈസസ് റൂട്ടിന് യുനസ്കോ മുൻകൈയെടുത്തു. കിഴക്കും പടിഞ്ഞാറും രാജ്യങ്ങളിൽ സാംസ്കാരിക സാമ്പത്തിക വിനിമയങ്ങളുടെ സംയോജന കേന്ദ്രമായി മുസിരിസ് അംഗീകരിക്കപ്പെടുന്നതോടെ കേരളത്തിലെ ടൂറിസത്തിന്റെ മുഖചരായ മാറും.

മൊത്തം 150 കോടിയോളം രൂപ പദ്ധതിക്കാകെ ചെലവു വരും. അതിൽ 55 കോടി രൂപയുടെ കേന്ദ്ര സഹായം ലഭ്യമായി. ബാക്കി സംസ്ഥാന സർക്കാരാണ് എടുക്കുന്നത്. 2010-ൽ പദ്ധതി നടത്തിപ്പ് ഊർജസ്വലമായി. ഏതാനും മ്യൂസിയങ്ങളടക്കം മുസിരിസ് ടൂറിസം സർക്യൂട്ട് 2011-ൽ ഉൽഘാടനം ചെയ്യാനാവും എന്നാണ് പ്രതീക്ഷിച്ചിരുന്നത്.

*ന്യൂയോർക്ക് ടൈംസ്* പത്രം 2012-ൽ പുറത്തിറക്കിയ ലോകത്ത് സന്ദർശിക്കേണ്ട 45 കേന്ദ്രങ്ങളുടെ പട്ടികയിൽ മുസിരിസും ഉൾപ്പെട്ടു. കൊച്ചി ബിനാലെയ്ക്ക് എത്തുന്നവർ മുസിരിസ് സന്ദർശിക്കാതെ മടങ്ങരുതെന്നും *ന്യൂയോർക്ക് ടൈംസ്* എഴുതി. പക്ഷേ ബിനാലെ തന്നെ വിവാദത്തിലായി. മുസിരിസിൽ വരുന്നവർക്ക് കാണാൻ ഒന്നുപോലും ഒരുക്കാൻ നമുക്ക് ആയില്ല. സർക്കാർ മാറിയതോടെ പദ്ധതി സ്തംഭനത്തിലായി. ധനമന്ത്രിയായിരുന്നിട്ടും പലവിധത്തിലുള്ള തടസ്സങ്ങൾ മൂലം പദ്ധതിയെ മുമ്പോട്ടു കൊണ്ടുപോകൽ എത്ര ശ്രമകരമായിരുന്നുവെന്ന് എനിക്കറിയാം. പക്ഷേ എല്ലാം തയാറായ ശേഷം ഉണ്ടായ ഈ കാലതാമസം അക്ഷന്തവ്യമാണ്. ഏതായാലും 2013-ലേക്ക് കടക്കുമ്പോൾ പദ്ധതിക്ക് വീണ്ടും ഒരു പുനർജീവൻ ഉണ്ടായിട്ടുണ്ട്. അത്രയും സന്തോഷം.

*മുൻ ധനകാര്യ മന്ത്രിയും സാമ്പത്തിക വിദഗ്ധനുമാണ് ലേഖകൻ*